മൃതദേഹം 2004, ജൂണിൽ മരിച്ച് സെമിത്തേരിയിൽ അടക്കം ചെയ്തിരുന്ന ഒരാളുടേതാണെന്നു ബന്ധുക്കൾ തിരിച്ചറിഞ്ഞതായി പത്ര വാർത്ത വന്നു. ഇതുവരെ ബന്ധുക്കൾ ആരും പോലീസിൽ പരാതിപ്പെടുകയോ ഇങ്ങനെ ഒരു ആക്ഷേപം എഴുതി തരുകയോ ചെയ്തിട്ടില്ല. അങ്ങ് പറഞ്ഞത് ശരിയാണെങ്കിൽ ഇത് വളരെ ഗൗരവമായ കാര്യമാണ്. പക്ഷേ ഈ സംഭവം കഴിഞ്ഞിട്ട് ദിവസങ്ങൾ പലതുകഴിഞ്ഞു. ഇതുവരെ ബന്ധുക്കൾ ആരും പോലീസിൽ പരാതിപ്പെട്ടിട്ടില്ല. പത്രത്തിൽ കണ്ട വാർത്ത അനുസരിച്ച് പോലീസ് ഒരു കേസ് എടുത്തിട്ടുണ്ട്; പക്ഷേ ആരും പരാതിപെട്ടിട്ടില്ല. ഒരു കാര്യം അങ്ങയോട് ഞാൻ പറയുന്നു, അങ്ങ് പറഞ്ഞ കാര്യത്തിൽ എന്തെങ്കിലും ശരി ഉണ്ടെങ്കിൽ ആ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ഇല്ലാത്ത വിധത്തിൽ കർശനമായ നടപടി എടുക്കും. പക്ഷേ ആരെയെങ്കിലും ബ്ലാക്ക്മെയിൽ ചെയ്യാൻ ഇതുപോലെ ഒരു അവസരം എടുക്കാൻ ഗവൺമെന്റ് അനുവദിക്കുകയില്ല.

(2) എൻ. എച്ച്. 47-ൽ വാളയാർ മുതൽ മണ്ണുത്തി വരെ നാലുവരി പാതയാക്കുന്നതിനോടനുബന്ധിച്ചുള്ള ആശങ്ക

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, വാളയാർ-മണ്ണുത്തി ദേശീയ പാത വീതികൂട്ടി ഗതാഗതയോഗ്യമാക്കുന്നതിന് ആവശ്യമായ നടപടി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. 60 മീറ്റർ അകലയർ ചെയ്യാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഈ ദേശീയ പാത വീതി കൂട്ടണമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ആ ആവശ്യം ഞാൻതന്നെ നിയമസഭയിൽ പലതവണ ഉന്നയിച്ചതാണ്. വളരെ ഗൗരവമായ നിരവധി അപകടങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നടക്കുന്നതുകൊണ്ട് വീതി കൂട്ടി നാല് വരിയാക്കണമെന്ന കാര്യത്തിൽ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. എന്നാൽ 60 മീറ്റർ അകലയർ ചെയ്യുന്നതിന് ആവശ്യമായിട്ടുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതിന്റെ പ്രോജക്ട് ഡയറക്ടർ ആഫീസിൽ അന്വേഷിച്ചപ്പോൾ ദേശീയ പാത അതോറിറ്റി ഒഫ് ഇന്ത്യയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 60 മീറ്റർ അകലയർ ചെയ്യുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുന്നതെന്നാണ് മനസിലാക്കാൻ കഴിയുന്നത്. എന്നാൽ ഇപ്പോൾ നാല് വരി പാതയാണുണ്ടാക്കുന്നത്. നാല് വരിപ്പാതയുണ്ടാക്കുന്നതിനുവേണ്ടി 60 മീറ്റർ അകലയർ ചെയ്യേണ്ട കാര്യമില്ല. 45 മീറ്റർ മതി. 19-4-2004-ലാണ്, ഇനി നമ്മുടെ രാജ്യത്ത് ദേശീയ പാതയുണ്ടാക്കുകയാണെങ്കിൽ അത് 60 മീറ്റർ വേണമെന്ന് നാഷണൽ ഹൈവേ അതോറിറ്റിയുടെ ഉത്തരവ് വന്നത്. അതിനുശേഷമാണ് മണ്ണുത്തി-അങ്കമാലി പാതയുടെ പ്രവർത്തനം ആരംഭിച്ചത്. മണ്ണുത്തി-അങ്കമാലി പാതയുടെ പ്രവർത്തനം ആരംഭിക്കുമ്പോൾ അവിടെ 45 മീറ്റർ സ്ഥലം മാത്രമാണ് എടുത്തിട്ടുള്ളത്. അതിനുശേഷം ആരംഭിച്ചിട്ടുള്ള മണ്ണുത്തി ദേശീയ പാതയ്ക്ക് 60 മീറ്റർ സ്ഥലം വേണമെന്നു പറയുന്നതിൽ ഒരു ന്യായവും ഇല്ല. ഇപ്പോൾ പാസഞ്ചർ കാർ യൂണിറ്റ് ഡെയ്ലി ഒരു ലക്ഷമാണ് മണ്ണുത്തി-അങ്കമാലി പാതയിലുള്ളത്. അതേ സമയം വാളയാർ-മണ്ണുത്തി പാതയിൽ 25,000 മാത്രമേയുള്ളു. ശാസ്ത്രീയമായി പരിശോധിക്കുമ്പോൾ പാസഞ്ചർ കാർ യൂണിറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ദിവസം ഒരു ലക്ഷം വാഹനങ്ങൾ പോകുന്ന മണ്ണുത്തി-അങ്കമാലി പാതയ്ക്ക് 45 മീറ്ററും 25,000 വാഹനങ്ങൾ മാത്രം പോകുന്ന വാളയാർ മണ്ണുത്തി പാതയ്ക്ക് 60 മീറ്ററും അകലയർ ചെയ്തിരിക്കുന്നത് അശാസ്ത്രീയമാണ്. ഇതുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെടുത്തി ദേശീയ പാത അതോറിറ്റിയുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി സംസാരിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റാണ് ഇതിനെ സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് എന്നു പറഞ്ഞു. അതുകൊണ്ട് സംസ്ഥാന ഗവൺമെൻറ് ആവശ്യമായിട്ടുള്ള, ഉചിതമായ തീരുമാനം ഈ കാര്യത്തെ സംബന്ധിച്ച് എടുക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കൂടാതെ ഇതുമായി ബന്ധപ്പെടുത്തി നിരവധി ആക്ഷേപങ്ങൾ പല ഭാഗത്തു നിന്നും വന്നിട്ടുണ്ട്. ഇപ്പോൾ എന്റെ മണ്ഡലത്തിൽ വടക്കാഞ്ചേരിയിൽ ഒരു ഭാഗത്തുനിന്നു മാത്രമാണ് എടുക്കുന്നത്; 30 മീറ്റർ വീതിയിൽ. ആ പ്രദേശത്ത് ഒരുപാട് സ്ഥാപനങ്ങളും വീടുകളുമൊക്കെ നഷ്ടമാകും. ഒരു പാത വീതികൂട്ടുന്ന സമയത്ത് രണ്ട് ഭാഗത്തുനിന്നും സ്ഥലം എടുക്കേണ്ടതാണ്. ഒരു ഭാഗത്ത് ഏതാണ്ട് മൂന്നു കിലോമീറ്റർ ദൂരം മാത്രം എടുത്തപ്പോൾ അതിന്റേതായിട്ടുള്ള പ്രശ്നങ്ങൾ അവിടെ ഉയർന്നുവന്നിട്ടുണ്ട്. അതുപോലെ തന്നെ കേരള സംസ്ഥാനത്തിലേക്ക് പ്രവേശിക്കുന്ന വാളയാർ ഭാഗത്ത് റോഡിന്റെ ഒരു ഭാഗം 100 മീറ്റർ വരെ വീതി കൂട്ടി അക്വയർ ചെയ്യുന്നു എന്നാണ് അവിടെ നിന്ന് ഉയർന്നുവന്നിട്ടുള്ള ഒരു ആക്ഷേപം. എന്തിന്റെ അടിസ്ഥാനത്തിലാണ് അത്തരം സമീപനം സ്വീകരിക്കുന്നത് എന്ന് മനസിലായിട്ടില്ല. അത് കറക്ട് ചെയ്യുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം. ഇങ്ങനെ റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കുന്നതുമായി ബന്ധപ്പെട്ട്, വീട് നഷ്ടപ്പെടുന്ന ആളുകൾക്ക് വീട് വയ്ക്കുന്നതിന് ആവശ്യമായിട്ടുള്ള ഭൂമി അനുവദിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണം. അതുപോലെതന്നെ സ്ഥലമെടുപ്പ് സംബന്ധിച്ച് ഗവൺമെന്റ് ഒരു തീരുമാനം എടുത്താൽ അതാണ് ദേശീയ പാത അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിക്കുക എന്നാണ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ അറിയിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ കാര്യത്തെ സംബന്ധിച്ച് ഉചിതമായ ഒരു തീരുമാനം എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, എൻ. എച്ച്. 47-ൽ വാളയാർ മുതൽ മണ്ണുത്തി വരെ നാലുവരിപ്പാതയാക്കി വീതി കൂട്ടുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇപ്പോൾ നിലവിൽ 30 കിലോമീറ്റർ വീതിയിൽ സ്ഥലം ലഭ്യമാണ്. നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. അതുപ്രകാരമാണ് ഇപ്പോൾ ലാൻഡ് എടുത്തുകൊണ്ടിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ തന്നെ ഇക്കാര്യം എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ആ പ്രദേശവുമായി ബന്ധപ്പെട്ട മറ്റ് ജനപ്രതിനിധികളും ഇക്കാര്യം എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. സർക്കാരിനെ സംബന്ധിച്ചിടത്തോളം യാതൊരു കർക്കശമായ നിലപാടും ഇതിലില്ല. എൻ.എച്ച്.എ.ഐ. 60 മീറ്റർ എടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി എന്നുള്ളത് മാത്രമാണ്. ഏതായാലും നാളെ ഈ പാത കടന്നുപോകുന്ന പ്രദേശത്തെ ജനപ്രതിനിധികളെ വിളിച്ചുകൊണ്ട് ചീഫ് സെക്രട്ടറി അടക്കമുള്ള ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യത്തിൽ എൻ.എച്ച്.എ.ഐ.യുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരേയും വിളിച്ചുവരുത്തി കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ പ്രശ്നം പരിഹരിക്കുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly